**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572** — **06-12-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ ഇൻസ്‌പെക്ഷൻ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ ഇൻസ്‌പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയക്ക് വിധേയമായ വകുപ്പുകൾ/ മേഖലകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | (എ) | 20/12/2021 ലെ ജി.ഒ (പി) നം: 173/2021/ ധന പ്രകാരം ധനപരമായ ഇടപാടുകൾ, നിയമപ്രകാരം ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കേണ്ട കണക്ക് വിവരങ്ങൾ, റിപ്പോർട്ടുകൾ, വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾ, നടപ്പിലാക്കുന്ന മരാമത്ത പ്രവൃത്തികൾ, പർച്ചേയ്സ്, ജീവനക്കാരുടെ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും, വിഭവ സമാഹരണം, പണമിടപാടുകൾ, ഫണ്ടിന്റെ ദുരുപയോഗം, സാമ്പത്തിക തട്ടിപ്പുകൾ, ധന മാനേജ്മെന്റുമായി ബന്ധപ്പെട്ട നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കൽ, വാഹന ഉപയോഗം തുടങ്ങി വിവിധ വിഷയങ്ങളിന്മേൽ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ ധനസഹായം ലഭിക്കുന്ന/ കൈപ്പറ്റുന്ന എല്ലാ സ്ഥാപനങ്ങളിലും ധനകാര്യ പരിശോധന വിഭാഗത്തിന് ആകസ്മിക പരിശോധന നടത്താൻ അധികാരം ഉണ്ട്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം ധനകാര്യ ഇൻസ്‌പെക്ഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതാണോയെന്ന് അറിയിക്കാമോ; | (ബി) | 20/12/2021 ലെ ജി.ഒ (പി) നം: 173/2021/ ധന പ്രകാരം ധനപരമായ ഇടപാടുകൾ, നിയമപ്രകാരം ബന്ധപ്പെട്ട ഓഫീസുകളിൽ സൂക്ഷിക്കേണ്ട കണക്ക് വിവരങ്ങൾ, റിപ്പോർട്ടുകൾ, വകുപ്പ് നൽകുന്ന വിവിധ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ, നടപ്പിലാക്കുന്ന മരാമത്തു പ്രവൃത്തികൾ, പർച്ചേയ്സ്, ജീവനക്കാരുടെ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും, വിഭവ സമാഹരണം, പണമിടപാടുകൾ, ഫണ്ടിന്റെ ദുരുപയോഗം, സാമ്പത്തിക തട്ടിപ്പുകൾ, ധന മാനേജ്മെന്റുമായി ബന്ധപ്പെട്ട നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കൽ, വാഹന ഉപയോഗം തുടങ്ങി വിവിധ വിഷയങ്ങളിന്മേൽ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ ധനസഹായം ലഭിക്കുന്ന/ കൈപ്പറ്റുന്ന എല്ലാ സ്ഥാപനങ്ങളിലും ധനകാര്യ പരിശോധന വിഭാഗത്തിന് ആകസ്മിക പരിശോധന നടത്താൻ അധികാരം ഉണ്ട്. |
| (സി) | തദ്ദേശ സ്ഥാപനങ്ങളിലെ വാഹനങ്ങൾ അതത് സ്ഥാപനത്തിന്റെ പ്രവർത്തനപരിധിയിലോ ബ്ലോക്ക്, മുനിസിപ്പൽ, ജില്ലാ കേന്ദ്രങ്ങളിലേക്കോ അല്ലാതെ യാത്രയ്ക്ക് ഉപയോഗിക്കുന്നത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹന ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയത് തടയുന്നതിന് ധനകാര്യ പരിശോധന വിഭാഗം ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ